
9-ാം വർഷം

2026

മാർച്ച് 22, 2026

നോമ്പ് ആറാം ഞായർ

# Laity Reflect on
## Syro-Malabar Sunday Mass
## SCRIPTURE READINGS



# കുരിശിൽ പൂരിപ്പിക്കേണ്ടത്

"കൂട്ടുചേരുന്ന എല്ലാവർക്കും നീ കൊടുക്കുന്നത് കുരിശാണ്!

സ്നേഹിക്കുന്തോറും കൂടുതൽ കുരിശുകൾ....!

നിന്റെ കൂട്ടത്തിൽ ആര് ചേരാനാണ്?"

നിശബ്ദമായൊരു പ്രഭാതത്തിൽ സക്രാരിയിൽ കണ്ണുടയ്ക്കി ധ്യാനിക്കുമ്പോൾ ക്രൂശിതനോട് ഇങ്ങനെ വല്ലാത്തൊരു ചോദ്യമുന്നയിച്ചതു വിശുദ്ധ അമ്മത്രേസ്യയാണത്രെ. തലേന്നത്തെ വേദനിപ്പിക്കുന്ന അനുഭവങ്ങളുടെ കണ്ണീരണിഞ്ഞാണ് അവൾ തന്റെ ക്രിസ്തുവിനോടിങ്ങനെ കലഹിച്ചത്.... പ്രഭാതം, മധ്യാഹ്നം... ഒരു പകൽ കൂടി അസ്തമിച്ചു. ഉള്ളിലുയർന്ന ചോദ്യങ്ങൾക്ക് സന്ധ്യാപ്രാർഥനയുടെ നേരം അമ്മത്രേസ്യ തന്നെ ഉത്തരം കണ്ടെത്തി:

"കുരിശാണ് വച്ചു കൊടുക്കുന്നതെങ്കിലും മാനവരാശി ഇത്രമാത്രം ചേർത്തുവയ്ക്കുന്ന ഒരാളില്ലല്ലോ!'



നിയ 8:1-10, 1 പത്രോ 4:12-19, മർക്കോസ് 8: 31-9:1

സിജോ പൈനാടത്ത്

## കുരിശിന്റെ ഫോർമുല

കുരിശോരം ചേർന്ന് ക്രൂശിതനെ നെഞ്ചേറ്റിയുള്ള പീഡാനുഭവ സ്മൃതിയാത്രകളുടെ വെയിൽവഴികളിൽ, കുരിശിനൊരു വലിയ തണൽമരത്തിന്റെ തലപ്പൊക്കമാണ്. വഴികളോരോന്നും പിന്നിടുമ്പോൾ, വാടുന്നവരെയും വീഴുന്നവരെയും ചേർത്തുനിർത്തി താങ്ങും തണലും പകരുന്നൊരു വൻമരം. കാൽവരി മുതലിങ്ങോട്ട് കാലങ്ങളേറെ കടന്നുപോയിട്ടും കുരിശാഭിമുഖ്യമാണ് മനുഷ്യന്റെ ജീവിതവ്യാകരണം. കണക്കുകൂട്ടലുകൾ പിഴയ്ക്കുമ്പോൾ, കാലിടറി വീഴുമ്പോൾ കുരിശിലാണ് പരിഹാര ഫോർമുല.

നിങ്ങളുടെ വഴി കുരിശിന്റേതാണെന്ന് അനുയായികളോടു തുറന്നു പറഞ്ഞ ഒരേയൊരു നേതാവിന്റെ പേരാണ് ക്രിസ്തു. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.' (മർക്കോസ് 8.34).

'ആരെക്കൊണ്ടു പറ്റും ചങ്ങാതി...?' എന്ന് തിരിച്ചു ചോദിക്കാൻ തോന്നും;

കുരിശിന്റെ വഴിയിലേക്കുള്ള ക്ഷണം കേട്ട ശിഷ്യരിലും ജനക്കൂട്ടത്തിലും ആരെങ്കിലുമൊക്കെ അത്തരമൊരു പിറുപിറുപ്പ് നടത്തിയിട്ടുണ്ടാകണം.

'മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാനപുരോഹിതൻമാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു'. (8.31)

തന്റെ പീഡാനുഭവവും ഉത്ഥാനവും എങ്ങനെയെന്നതിനെക്കുറിച്ചുള്ള ഒന്നാം പ്രവചനനേരമായിരുന്നു അത്. അനന്തരം കുരിശിന്റെ ഭാഷയെ, അത്ര എളുപ്പമല്ലെന്നു പലരും പിറുപിറുത്ത സമസ്യയെ ക്രിസ്തു പൂരിപ്പിക്കുകയായിരുന്നു. അവൻ കുരിശുവഴികളെ പൂരിപ്പിച്ചതു വാക്കുകൾ കൊണ്ടു മാത്രമായിരുന്നില്ല, ശരീരം കൊണ്ടുകൂടിയായിരുന്നു; കുരിശാരോഹണത്തിലൂടെയായിരുന്നു; ശേഷം ഉത്ഥാനപ്രഭ. പ്രവചനം പൂർത്തിയായി.

## കുരിശിന്റെ ഭാഷ

അധികാരത്തിന്റെ 140 കസേരകളിലും അതിൽ ചില മുന്തിയ ഇരിപ്പിടങ്ങളിലും ഇനിയാര് എന്നു നിർണയിക്കാനുള്ള പൊതുതെരഞ്ഞെടുപ്പിന്റെ പോരാട്ടക്കാലമാണിത്.

എന്നോടൊപ്പം വന്നാൽ, മുന്തിയ കസേര തരാമെന്ന ഓഫറോടെ ക്ഷണിക്കുന്നവരുള്ള കാലത്തോടാണ്, കസേര ഇല്ലെങ്കിൽ മറുകണ്ട രാഷ്ട്രീയം പ്രയോഗിക്കുന്നവരോടാണ്... "എന്നോടൊപ്പം വന്നാൽ കുരിശിൽ മരിച്ചുവീഴാം" എന്നു പറഞ്ഞൊരാൾ ലളിതമായി കലഹിക്കുന്നത്. അധികാരത്തിന്റെ പണക്കിലുക്കത്തിലും അതിലേക്കുള്ള റോഡ് ഷോ ആരവങ്ങളിലും കുരിശിന്റെയും ക്രൂശിതന്റെയും ക്ഷണം അധികമാരും കേൾക്കാനിടയില്ല. അവർക്ക് കുരിശ് ഒരു എടുക്കാച്ചരക്കാകും! കസേരകളുടെ അധികാരഭാഷയല്ലല്ലൊ കുരിശിന്റെ സഹനഭാഷ..! അധികാരത്തിൽ നിന്ന് ആത്മരക്ഷയിലേക്ക് അധികമാണു ദൂരം.

## കുരിശിന്റെ നേട്ടം

മരണം നേട്ടമാണെന്ന ചരിത്രപരമായ തിരിച്ചറിവ് ലോകത്തിനു നൽകുന്നുണ്ട് സുവിശേഷം. ക്രൂശിതനെപ്രതി ജീവിതം നഷ്ടപ്പെടുത്തുന്നവർക്കുള്ള സമ്മാനം രക്ഷയാണ്.

'സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും.' (8.35). നഷ്ടങ്ങൾ അവസാനമല്ലെന്ന ഓർമപ്പെടുത്തൽ നൽകുന്ന പ്രത്യാശ ചെറുതല്ല. കുരിശ് എന്നാൽ നഷ്ടമെന്നല്ല, നേട്ടമെന്നാണ് വായിക്കേണ്ടത്. 'ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്'- പൗലോസ് പറിപ്പിച്ചത് ഫിലിപ്പിയരോടു (1.21) മാത്രമല്ല, നമ്മോടുമാണ്. തോൽവിയുടെ അർഥം തീർന്നു എന്നല്ലെന്നെ...!

## കുരിശിന്റെ തുടർച്ച

കാൽവരിയിലെ കുരിശാരോഹണം ക്രിസ്തുവഴികളിലെ ഫുൾസ്റ്റോപ്പ് ആയിരുന്നില്ലല്ലൊ. പൂർണവിരാമമോ അർധവിരാമമോ ഗാഗുൽത്തായിൽ അടയാളമിട്ടതു കണ്ടില്ല. തുടർച്ചകളുടെ ഒരു മലകയറിയിറക്കം. വധിക്കപ്പെടുമെന്നു പറഞ്ഞപ്പോഴെല്ലാം ഉയിർക്കപ്പെടുമെന്നു കൂടി അവൻ പറഞ്ഞിട്ടുണ്ട്.

## നമുക്കു തുടരാം.

കുരിശുമായി മലകയറണം, അവനെ കണ്ടുമുട്ടണം, ഭാരമിറക്കിയിറങ്ങണം, അവന്റെ തുടർച്ചയാകണം. എല്ലാം വെട്ടിപ്പിടിച്ച് ഇഷ്ടങ്ങളെ നിറവേറ്റുന്നവർക്കല്ല, അവന്റെ ഇഷ്ടം നിറവേറ്റുന്നവർക്കാണ് ആത്മരക്ഷ. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?' (8.36).

'മനുഷ്യൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും?' (8.37). കാലാതീതമായ രണ്ടു ചോദ്യങ്ങൾ.

അന്ന് അതുറക്കെ ചോദിക്കാൻ ക്രിസ്തുവിനല്ലാതെ മറ്റാർക്കു കഴിയും? ഇന്നും അവൻ ഈ ചോദ്യങ്ങൾ നമ്മോട് ചോദിച്ചുകൊണ്ടേയിരിക്കുന്നു. നമ്മുടെ ആത്മരക്ഷയെക്കുറിച്ച് അത്രമേൽ ആകുലപ്പെടുന്ന, തന്റെ ആത്മാനുഭവങ്ങളിലേക്ക് ആർദ്രമായി നിരന്തരം ക്ഷണിച്ചുകൊണ്ടേയിരിക്കുന്ന ക്രിസ്തു. ഇന്ന് അവന്റെ കുരിശുമരത്തണലിലേക്ക് ഒരു കാല്പാടോളം അളവ് അധികമായി ചേർന്നിരുന്നാലോ?

വിശുദ്ധ മദർ തെരേസ പറഞ്ഞതുകൂടി -

'ക്രിസ്തുവിനു ചുംബിക്കാനുള്ള അകലത്തിൽ ഞാനെത്തി എന്നതിന്റെ അടയാളമാണ് എന്റെ സഹനം.'

*(ദീപിക കൊച്ചി ബ്യൂറോ ചീഫും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com